# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4806 — 24.07.2015-ൽ മറുപടിക്ക്

### സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ :<br>,, എൻ. ഷംസുദ്ദീൻ :<br>,, പി. കെ. ബഷീർ :<br>,, കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വിശദമാക്കുമോ ; | (എ) ഹോട്ടൽ, മറ്റ് ഭക്ഷ്യ വിതരണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വ കുറവും, ഭക്ഷ്യ വിതരണ തൊഴിലാളികളിൽ രോഗം ഉള്ള വരും, മാലിന്യ സംസ്ക്കരണത്തിൽ അപാ കത ഉള്ളതായും കണ്ടെത്തി. സ്കൂളുകളിൽ അടിസ്ഥാന ശുചിത്വ സൗകര്യങ്ങളുടെ അപാകതയും, ശരിയായ ശുചിത്വം പാലിക്കാ ത്തതും കണ്ടെത്തി. ഇതര സംസ്ഥാന തൊഴി ലാളി ക്യാമ്പുകളിലും അടിസ്ഥാന ശുചിത്വ സൗകര്യങ്ങളുടെ കുറവും ശ്രദ്ധയിൽപ്പെട്ടു. സ്കാനിംഗ് സെന്ററുകളിൽ പി.എൻ.ഡി.റ്റി. ആക്റ്റിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തി. വീടുകളിലും സ്ഥാപനങ്ങളിലും പകർച്ചവ്യാധിക്ക് കാരണമാകുന്ന ധാരാളം സാഹചര്യങ്ങൾ കണ്ടെത്തി. സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ ലബോറട്ടറികൾ ശരിയായ യോഗ്യതയില്ലാത്തവരെ ഉപയോഗിച്ച് പ്രവർ ത്തിപ്പിക്കുന്നതായും ലാബ് ഉപകരണങ്ങളുടെ കാര്യക്ഷമതാകുറവും, കാലാവധി കഴിഞ്ഞ റീ ഏജന്റ് ഉപയോഗിക്കുന്നതായും ബയോ മെഡിക്കൽ മാലിന്യം ശരിയായി നിർമ്മാർ ജ്ജനം ചെയ്യാത്തതായും, ഉപകരണങ്ങൾ അണുവിമുക്തി വരുത്താത്തതായും കണ്ടെ ത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അപാകതകൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | (ബി) പരിശോധനാ സമയത്ത് വീഴ്ചകൾ കണ്ടെ ത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകു കയും, പിഴ അടപ്പിയ്ക്കുകയും മറ്റ് നിയമ നടപടികൾക്കായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

(.....2)

(സി) സേഫ് കേരളയുടെ ഭാഗമായി ഇനിയും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടിയും സാഹചര്യങ്ങളിലെ അപാകതകൾ കണ്ടെത്തി അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി സേഫ് കേരളയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ